# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.255** **28.11.2018 - ൽ മറുപടിയ്ക്ക്**

## മൃതസഞ്ജീവനി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനൂപ് ജേക്കബ്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) മൃതസഞ്ജീവനി പദ്ധതിയിൽ എത്രപേർ വൃക്ക കരൾ, ഹൃദയം, ശ്വാസകോശം എന്നിവ മാറ്റി വയ്ക്കാൻ അപേക്ഷ നൽകിയിട്ടുണ്ട് ; | (എ) മൃതസഞ്ജീവനി പദ്ധതിയിൽ വൃക്ക മാറ്റിവയ്ക്കുന്നതിന് 1756 പേരും ഹൃദയം മാറ്റിവയ്ക്കുന്നതിന് 36 പേരും കരൾ മാറ്റിവയ്ക്കുന്നതിന് 375 പേരും രജിസ്റ്റർ ചെയ്തിട്ടുണ്ട്.ശ്വാസകോശം മാറ്റിവയ്ക്കുന്നതിന് ആരും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ബി) സംസ്ഥാനത്ത് അവയവങ്ങൾക്കായി കാത്തിരുന്ന എത്ര രോഗികൾ കഴിഞ്ഞ രണ്ടു വർഷത്തിനിടെ മരിച്ചു ; | (ബി) സംസ്ഥാനത്ത് അവയവങ്ങൾക്കായി രജിസ്റ്റർ ചെയ്തിരുന്ന രോഗികളിൽ 180 ഓളം പേർ വിവിധ കാരണങ്ങളാൽ കഴിഞ്ഞ രണ്ടു വർഷത്തിനിടെ മരണപ്പെട്ടിട്ടുണ്ട്. |
| (സി) മരണാനന്തര അവയവദാനം നടത്തുന്നതിലെ സങ്കീർണതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സങ്കീർണതകൾ പരമാവധി കുറച്ചു അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (സി) ഉണ്ട്. 1994 ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ട്രാൻസ് പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ട് (THOA) അനുസരിച്ചാണ് സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടക്കുന്നത്. ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല എന്നിരുന്നാലും മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ 'മൃതസഞ്ജീവനി' വഴി സംസ്ഥാനത്തുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിച്ചു വരുന്നുണ്ട്. അവയവദാനത്തിന് താല്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും വിവിധ മേളകളിൽ വച്ച് അവയവദാന സമ്മതപത്ര വിതരണം നടത്തിവരുകയും ചെയ്യുന്നു. കൂടാതെ പ്രശസ്ത സിനിമാ താരം പത്മശ്രീ മോഹൻലാലിനെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ് വിൽ അംബാസിഡറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ